


# റിബ്ബൺ സെക്വിൻ ഫൂട്ട്

**ഈ പരിശീലന പാഠത്തിൽ നിങ്ങൾ ഉഷാ ജനോമി റിബ്ബൺ സെക്വിൻ ഫൂട്ട് എങ്ങനെ ഉപയോഗിക്കാമെന്നു പഠിക്കും...**



ഒരിക്കൽ നിങ്ങൾ ഈ പരിശീലനപാഠം മനസ്സിലാക്കുകയും പഠിപ്പിക്കുന്ന കാര്യങ്ങൾ അനുകരിക്കുകയും ചെയ്താൽ, ഉഷ ജനോം സെക്വിൻ ഫൂട്ട് ഉപയോഗിക്കാനും ഇതുപോലെ പലതും ഉണ്ടാക്കുവാനും നിങ്ങൾക്കും സാധിക്കും. ഈ ഫൂട്ട് ഉപയോഗിച്ച് തുണികളിൽ റിബ്ബണുകളും സീക്വെൻസുകളും നിങ്ങൾക്ക് തുന്നിച്ചേർക്കാവുന്നതാണ്. റിബ്ബണുകൾ കൂട്ടിച്ചേർക്കുവാനായി ഫൂട്ടിൽ പ്രത്യേക തരം ഗൈഡുകൾ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ വളരെ വൃത്തിയായി തന്നെ അവ തുന്നിച്ചേർക്കാവുന്നതാണ്.

ഈ പാഠത്തിനായി ഉഷ ജനോം റിബ്ബൺ സെക്വിൻ ഫൂട്ട്, സിക്സ് ബൈ ട്വൽവ് ഇഞ്ച് നീളമുള്ള തുണി, റിബ്ബണുകൾ, ലേയ്സ്, സെക്വിൻ ലേയ്സ്, നൂൽ, മാർക്കർ, സ്കെയിൽ, കത്രിക എന്നിവയാണ് ആവശ്യമായിട്ടുള്ളത്.

തുണിയുടെ നടുവിൽ നിന്നും നീളത്തിലായി ഒരു വര വരച്ചുകൊണ്ട് ആരംഭിക്കുക. വരയുടെ മുകളിലായി റിബ്ബൺ വച്ച ശേഷം അല്പം വീതി വിട്ട് മുറിക്കുക. മറ്റു റിബ്ബണുകളും ഈ മുറിച്ചെടുത്ത റിബ്ബണിന്റെ നീളത്തിൽ മുറിക്കുക.

ഇനി സാധാരണ പ്രസ്സർ ഫൂട്ട് മാറ്റി റിബ്ബൺ സെക്വിൻ ഫൂട്ട് ഇതുപോലെ ഓൺ ആക്കുക. ഫൂട്ടിന് അനുസൃതമായി തുണി നേർ രേഖയിൽ വച്ച ശേഷം, തുണി ഫൂട്ടിന്റെ അടിയിലായി വയ്ക്കുക.
നമുക്ക് റിബ്ബണിൽ നിന്നും ആരംഭിക്കാം, ഫൂട്ടിന് മുൻപിലായുള്ള സ്ലോട്ടിലായി റിബ്ബൺ കയറ്റുക, അതിന് ശേഷം പ്രസ്സർ ഫൂട്ട് താഴോട്ടാക്കുക.




അടുത്തതായി മെഷീൻ സെറ്റ് ചെയ്യാനായി സിഗ് സാഗ് സ്റ്റിച്ച് തിരഞ്ഞെടുത്ത് സ്റ്റിച്ച് വീതി ഏഴും സ്റ്റിച്ച് നീളം നാലും ആക്കുക.

ഇപ്പോൾ സ്റ്റാർട്ട് ഞെക്കി റിബ്ബൺ തുണിയിലേക്ക് തയ്ക്കാൻ ആരംഭിക്കാം. അതിന്റെ ആയാസം കിട്ടുന്നതുവരെ വേഗത കുറച്ച് തന്നെ ഉപയോഗിക്കാം. റിബ്ബൺ തയ്ച്ചുകിട്ടുന്നത് വരെ കൃത്യമായി കൈ കൊണ്ട് പാകപ്പെടുത്തി വിടുക.






നൂൽ മുറിച്ച ശേഷം തുണി എടുക്കാനായി ഫൂട്ട് ഉയർത്തുക...

ഇനി റീക് റാക്ക് ലെയ്സിനായി നിങ്ങളുടെ മെഷീനിൽ അല്പം മാറ്റങ്ങൾ വരുത്തേണ്ടതായുണ്ട്. സ്റ്റിച്ച് ഒന്നിലേക്കും സ്റ്റിച്ച് നീളം രണ്ട് പോയിന്റ് എട്ടിലേക്കും മാറ്റുക.



മുൻപ് ചെയ്തതു പോലെ തുണി ഫൂട്ടിന്റെ അടിയിലേക്ക് വയ്ക്കുക, ഇനി സിഗ് സാഗ് ലേയ്സ് സ്ലോട്ടിലേക്കും കയറ്റുക.  ഫൂട്ട് താഴ്ത്തിയ ശേഷം തയ്യൽ ആരംഭിക്കുക.

നൂൽ മുറിച്ച ശേഷം തുണി എടുക്കാനായി ഫൂട്ട് ഉയർത്തുക. ഇത് എത്ര എളുപ്പവും തയ്യൽ എത്ര വൃത്തിയുള്ളതുമാണെന്ന് നോക്കൂ.






ഇനി തിളക്കം ഇഷ്ടപ്പെടുന്ന എല്ലാവർക്കുമായി നമുക്ക് അല്പം സീക്വെൻസ് ഉപയോഗിക്കാം.



തുണി ഫൂട്ടിനടിയിൽ വയ്ച്ച ശേഷം സീക്വെൻസ് ലെയിസ് സ്ലോട്ടിലേക്ക് കയറ്റാം.   സീക്വെൻസ് ലെയിസ് തയ്ക്കുവാനായി മെഷീനിന്റെ പ്രവർത്തന ക്രമത്തിൽ ഒന്നിന് മാറ്റം വരുത്തേണ്ടതായുണ്ട്, സ്റ്റിച്ച് നീളം പരമാവധി ആക്കുക. ഇപ്പോൾ സീക്വിൻ ലെയിസ് തുണിയിലേക്ക് തയ്ക്കുവാൻ ആരംഭിക്കുക. ഇതാ, റിബ്ബൺ സീക്വെൻസ് ഫൂട്ട് ഉപയോഗിച്ച് നിങ്ങളുടേതായ ഒരു സ്റ്റൈൽ നിർമ്മിക്കുവാൻ നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു.



 പഴയ വസ്ത്രങ്ങളിൽ റിബ്ബണുകളും ലെയിസുകളും ചേർത്തു പുതുമയുള്ളതാക്കാനും, നിറവും ഭംഗിയും കൂട്ടാനും, നിങ്ങളുടെ ബാഗുകൾ, പുസ്തകങ്ങളുടെ പുറം താൾ, എന്തിന് നിങ്ങളുടെ ജീവിതം തന്നെ ഇത് ഉപയോഗിച്ച് നിറമുള്ളതാക്കുവാൻ സാധിക്കും.

 റിബ്ബണുകളും ലെയിസുകളും കൊണ്ട് ഒരു പുതുമ തന്നെ കൊണ്ടുവരൂ.